# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

*2013 ജൂൺ 10, തിങ്കൾ*

വാല്യം 154] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

നിയമസഭ 2013 ജൂൺ മാസം 10-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ ആരംഭിച്ചു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

ചീഫ് മാർഷൽ : ബഹുമാനപ്പെട്ട അംഗങ്ങളെ, ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷൻ .............

[പതിമൂന്നാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനം 2013 ജൂൺ മാസം 10-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ ദേശീയഗാനാലാപനത്തോടെ നിയമസഭാഹാളിൽ ആരംഭിച്ചു.]

മി. സ്പീക്കർ : ഓർഡർ.....ഓർഡർ..... ചോദ്യം നമ്പർ *1

### പൊതുഭരണത്തിന്റെ നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ

1 (*1) ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുഭരണത്തിന്റെ നിലവാരവും കാര്യക്ഷമതയും ഉയർത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഭരണ പരിഷ്കാരത്തിന് ശുപാർശകൾ സമർപ്പിക്കാൻ നിയോഗിച്ച ഭരണ പരിഷ്കാര കമ്മീഷനുകളുടെ ശുപാർശകളിൽ ഇനിയും നടപ്പാക്കാനുള്ള പ്രധാന ശുപാർശകളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) തീരുമാനങ്ങളെടുക്കുന്നതിൽ നിലനിൽക്കുന്ന കാലതാമസം ഒഴിവാക്കാൻ കൂടുതൽ അധികാരങ്ങൾ സെക്രട്ടേറിയറ്റ് തലത്തിൽ നിന്നും വികേന്ദ്രീകരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

188/2016

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുഭരണത്തിന്റെ നിലവാരവും കാര്യക്ഷമതയും ഉയർത്തുന്നതിന്റെ ഭാഗമായി സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ മുഖാന്തിരം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ കൃത്യമായും സമയബന്ധിതമായും ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് 'കേരള സേവനാവകാശ നിയമം 2012' 1-11-2012 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. സർക്കാരിന്റെ എല്ലാ വകുപ്പുകളും സ്വയംഭരണ സ്ഥാപനങ്ങളും, മറ്റ് സർക്കാർ നിയന്ത്രണ സ്ഥാപനങ്ങളും അതാത് വകുപ്പ്/ഓഫീസ് മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങളും അവ നേടിയെടുക്കുന്നതിനുള്ള നടപടിക്രമങ്ങളും പ്രതിപാദിക്കുന്ന പൗരാവകാശരേഖ ഓഫീസുകളുടെ മുന്നിൽ എഴുതി പ്രദർശിപ്പിക്കണമെന്നും പ്രസിദ്ധീകരിക്കണമെന്നും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശം നടപ്പാക്കിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്താൻ എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും 23-9-2011-ലെ സർക്കുലർ പ്രകാരം കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. '100 ദിന പ്രോഗ്രാമിൽ' ഉൾപ്പെടുത്തി 2011 ജൂലായ് മാസം മുതൽ ആഗസ്റ്റ് മാസം വരെ 'തീവ്ര ഫയൽ തീർപ്പാക്കൽ പദ്ധതിയിലൂടെ കെട്ടിക്കിടന്ന ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള രീതികൾ കാലോചിതമായി പരിഷ്ക്കരിച്ച് ഡി.ഡി.എഫ്.എസ്. ഇ-ഓഫീസ് തുടങ്ങിയ ശാസ്ത്രീയ സംവിധാനങ്ങൾ മുഖേന അപേക്ഷകളും ഫയലുകളും സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്. പൊതുഭരണ നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്കായി സർക്കാർ സ്ഥാപനമായ ഐ.എം.ജി. (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്) മുഖേന വിവിധ വിഭാഗങ്ങളിലുള്ള ഉദ്യോഗസ്ഥർക്ക് ആവശ്യമായ ട്രെയിനിംഗുകൾ കാലാകാലങ്ങളിൽ നൽകി വരുന്നുണ്ട്. അഴിമതി വെളിച്ചത്ത് കൊണ്ടുവരുവാൻ സഹായിക്കുന്നവർക്ക് സംരക്ഷണവും റിവാർഡും നൽകുന്നതിനായി 'വിസിൽ ബ്ലോവർ പ്രൊട്ടക്ഷൻ പോളിസി' എന്ന പേരിൽ മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനായി സർക്കാർ നിയോഗിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(ബി) മൂന്നാം ഭരണപരിഷ്കാര കമ്മീഷന്റെ 9, 14, 15 റിപ്പോർട്ടുകളിലെ ശുപാർശകൾ ഇനിയും നടപ്പാക്കാനുണ്ട്. (കേന്ദ്ര ഗവൺമെന്റിന്റെ രണ്ടാം ഭരണ പരിഷ്കാര കമ്മീഷന്റെ 15-ാമത് റിപ്പോർട്ടിന്മേലുള്ള നടപടി റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് 27-3-2013-ന് അയച്ചുകൊടുത്തിട്ടുണ്ട്.)

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം വകുപ്പ് തലവന്മാരുടെ ഭരണപരവും ധനപരവുമായ അധികാരങ്ങൾ ഉയർത്തി ഡെലിഗേഷൻ ഓഫ് പവേഴ്സ് വർദ്ധിപ്പിച്ചിട്ടുണ്ട്.

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, പൊതുഭരണം കാര്യക്ഷമമാക്കുന്നതിന് കൊണ്ടുവന്ന സേവനാവകാശ നിയമം സെക്രട്ടേറിയറ്റിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: സർ, സെക്രട്ടേറിയറ്റും ഇതിന്റെ പരിധിക്കുള്ളിൽ വരും. ഇത്തരം സംശയം പലരും പ്രകടിപ്പിച്ചിരുന്നു. പക്ഷേ പ്രസ്തുത സംശയത്തിന് യാതൊരു അടിസ്ഥാനവുമില്ല.

ശ്രീ. പി. ബി. അബ്ദുൾ റസാക്: സർ, സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികളിന്മേൽ എടുക്കുന്ന തീരുമാനം പരാതിക്കാരനെ അറിയിക്കണമെന്നിരിക്കെ എം.എൽ.എ.മാർ നൽകുന്ന പരാതികൾക്കുപോലും മിക്ക ഉദ്യോഗസ്ഥരും മറുപടി നൽകുന്നില്ലായെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, സർക്കാരിന്റെ പൊതുവായ നിർദ്ദേശം അനുസരിച്ച് ഏതെങ്കിലും ഒരു എം.എൽ.എ. പരാതി അയച്ചാൽ അത് ലഭിച്ചു എന്നുള്ള മറുപടി ഉടൻതന്നെ നൽകണം. കൂടാതെ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിച്ചുകൊണ്ട് രണ്ടാമത്തെ മറുപടിയും നൽകണം. ഇതാണ് യഥാർത്ഥത്തിൽ നൽകിയിട്ടുള്ള നിർദ്ദേശം. ഇതിന് വ്യത്യസ്തമായി ഒരു എം.എൽ.എ. പരാതി ഉന്നയിച്ചാൽ നിശ്ചയമായും പ്രസ്തുത പരാതി ഗൗരവമായി എടുക്കുന്നതാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന വിഷയങ്ങളിൽ പ്രശ്നങ്ങളെ അനുകൂലമായി സമീപിക്കുന്നതിനുപകരം പലപ്പോഴും നിഷേധാത്മകമായ സമീപനമാണ് പല ഭാഗങ്ങളിൽ നിന്നും ഉണ്ടാകുന്നത്. ഉദാഹരണത്തിന്, ഒരു മത്സ്യത്തൊഴിലാളി കുടുംബത്തിൽ ഗൃഹനാഥൻ മരിച്ചുപോയാൽ വിധവയ്ക്ക് പ്രസ്തുത ആനുകൂല്യം നൽകുന്നതിന് സാധിക്കുന്നില്ല. കാരണം ഗൃഹനാഥന് മാത്രമായിരിക്കും ക്ഷേമനിധിയിൽ കാർഡുള്ളത്. അതുപോലെതന്നെ പല പ്രകൃതി ദുരന്തങ്ങൾ ഉണ്ടായപ്പോഴും പോസിറ്റീവായ രീതിയിൽ പ്രശ്നങ്ങളിൽ ഇടപെടുന്നില്ല. തിരുവനന്തപുരത്ത് തമിഴ്നാട്ടിൽ നിന്ന് പാണ്ടിക്കാറ്റ് അടിച്ചപ്പോൾ, പട്ടികവർഗ്ഗക്കാരുടെ വീടുകൾ തകർന്നിട്ടുപോലും പാണ്ടിക്കാറ്റിനെ പ്രകൃതിക്ഷോഭത്തിൽ ഉൾപ്പെടുത്താൻ സാധിക്കുകയില്ലായെന്ന നിലപാട് സ്വീകരിച്ച ഉദ്യോഗസ്ഥർക്കെതിരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇടപെട്ട് അവസാനം പ്രശ്നങ്ങൾ പരിഹരിക്കേണ്ടിവന്നു. ഇത്തരം കാര്യങ്ങളിൽ മാനുഷികമായ പരിഗണനവച്ച് പ്രശ്നങ്ങളെ സമീപിക്കാനും ആ പ്രശ്നങ്ങളെ പോസിറ്റീവായി കണ്ട് പരിഹാരം കാണുന്നതിനും ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; അതിനെന്തെങ്കിലും സംവിധാനമുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിന് അനുഭാവപൂർവ്വമായ ഒരു അപ്രോച്ച് തന്നെയാണ് വേണ്ടത്. പക്ഷേ എല്ലാ കാര്യത്തിലും ഉദ്യോഗസ്ഥരെ കുറ്റം പറയാൻ സാധിക്കുകയില്ല. മത്സ്യത്തൊഴിലാളികളുടെ പ്രശ്നം ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇന്നത്തെ വ്യവസ്ഥയനുസരിച്ച് ഒരു മത്സ്യത്തൊഴിലാളി

മത്സ്യബന്ധനത്തിനായി കടലിൽ പോകുമ്പോൾ മരണപ്പെട്ടാൽ അദ്ദേഹത്തിന്റെ കുടുംബത്തെ സഹായിക്കുന്നതിന് ചില വ്യവസ്ഥകളുണ്ട്. പക്ഷെ ഇവിടെ മൃതദേഹം ലഭിച്ചിരിക്കണം. മൃതദേഹം ലഭിച്ചില്ലെങ്കിൽ ഏഴ് വർഷത്തേക്ക് പ്രസ്തുത കുടുംബത്തെ സഹായിക്കാൻ സാധിക്കുകയില്ല. അതാണ് ഇന്നത്തെ നിയമം. പ്രസ്തുത നിയമം മാറ്റുന്നതിന് ഞാൻ എഴുതി കൊടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരെ കുറ്റം പറഞ്ഞതുകൊണ്ട് കാര്യമില്ല. മത്സ്യബന്ധനത്തിന് കടലിൽ പോകുമ്പോൾ വള്ളം മറിഞ്ഞ് മത്സ്യത്തൊഴിലാളിയെ കാണാതായാൽ സ്വാഭാവികമായും അനുമാനിക്കാൻ സാധിക്കുന്നത് അയാൾ മരണപ്പെട്ടു എന്നാണ്. ചിലപ്പോൾ തിരിച്ച് സംഭവിച്ചേക്കുമോയെന്ന സംശയത്തിന്റെ പേരിൽ ഏഴ് കൊല്ലത്തേക്ക് ഈ വിധവയും അവരുടെ കുട്ടികളും കാത്തിരിക്കണമെന്ന് പറയുന്നത് വളരെ ക്രൂരതയാണ്. പ്രസ്തുത നിയമം മാറ്റണം. ഇക്കാര്യത്തിൽ പോസിറ്റീവായ ഒരു നിലപാട് വേണമെന്ന് പറയുമ്പോൾ ചട്ടങ്ങളിൽ മാറ്റങ്ങളും നിയമങ്ങളിൽ വ്യത്യസ്തമായ തിരുത്തലുകളും ആവശ്യമായി വരും. അതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി: സർ, ഭരണ നിർവ്വഹണം കൂടുതൽ ജനാധിപത്യപരവും സുതാര്യവുമാക്കുക എന്നതാണ് നമ്മുടെ മുന്നിലുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നം. അതിനായി ധാരാളം കാര്യങ്ങൾ സർക്കാർ ചെയ്തുകൊണ്ടിരിക്കുകയാണ്. ഇത് വളരെ ശ്ലാഘനീയമാണ്. അതോടൊപ്പം വളരെ പ്രധാനപ്പെട്ട ചില മേഖലകൾകൂടി നമ്മൾ അഭിസംബോധന ചെയ്യേണ്ടതുണ്ട്. ഉദാഹരണത്തിന് വിവിധ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള ഒരു പരാതി മന്ത്രിക്ക് ലഭിച്ചാൽ എല്ലാ ഭാഗവും പരിശോധിച്ചശേഷം സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട അധികാരിക്ക് തീരുമാനമെടുക്കുന്നതിനുമുമ്പ് കൈമാറണമെന്നാണ്. പക്ഷേ അത് പലപ്പോഴും സംഭവിക്കാറില്ല. ഏതെങ്കിലും ഒരു കാര്യം മാത്രം നോക്കി മറുപടി നൽകുകയാണ്. മറുപടി നെഗറ്റീവാണെങ്കിൽ പരാതിക്കാരന് മറുപടി ലഭിക്കുന്നില്ല. ഇതൊക്കെ മാന്വലിൽ ഉണ്ടെങ്കിൽപ്പോലും നടപ്പിലാക്കുന്നില്ല. ആദരണീയനായ മുഖ്യമന്ത്രി ഇവിടെ നൽകിയ മറുപടിയിൽ നിയമങ്ങളുടെ അപര്യാപ്തത ചൂണ്ടിക്കാട്ടുകയുണ്ടായി. Conduct Rules അടക്കം ഭേദഗതി ചെയ്തുകൊണ്ട് പ്രസ്തുത അപര്യാപ്തതകൾ തിരുത്തേണ്ടതുണ്ട്. അതോടൊപ്പം ഭരണഭാഷ മലയാളമാക്കുക എന്നതും സുതാര്യതാപ്രക്രിയയുടെ വളരെ അനിവാര്യമായ ഒരു സംഗതിയാണ്. ഇന്ന് ഇവിടെ നിയമസഭാ മന്ദിരത്തിൽ കടന്നുവന്നപ്പോൾ മലയാളത്തിൽ ബോർഡ് കണ്ടതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഭരണ നിർവ്വഹണം കൂടുതൽ ജനാധിപത്യപരവും സുതാര്യവുമാക്കുന്നതിനും ഭരണഭാഷ മലയാളമാക്കുന്നതിനുമുള്ള പ്രക്രിയ പൂർണ്ണമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഭരണഭാഷ മലയാളമാക്കുക എന്നതുതന്നെയാണ് ഈ ഗവൺമെന്റിന്റെ തീരുമാനം. അതിനുവേണ്ടിയുള്ള നടപടികൾ ഓരോ മേഖലയിലും സ്വീകരിച്ചുവരികയാണ്. ഇന്നുതന്നെ അസംബ്ലിയിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

കടന്നുവന്ന സമയത്ത് പുതിയൊരനുഭവമാണ് എല്ലാവർക്കും ഉണ്ടായത്. 1970-ൽ നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടുവെങ്കിലും ഇപ്പോഴത്തെ അനുഭവം ഒരു പ്രത്യേക അനുഭൂതിയായിത്തന്നെ കാണുകയാണ്. ഇതുപോലുള്ള ഒരുപാട് മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ വേഗത കൂട്ടാൻ എല്ലാവർക്കും ഒന്നിച്ച് പ്രവർത്തിക്കാം. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഇതൊക്കെ കൂടുതൽ മെച്ചപ്പെട്ട രീതിയിലാക്കണമെന്ന അഭിപ്രായത്തോട് യോജിക്കുകയാണ്. പല കാര്യങ്ങളുടങ്ങുന്ന ഒരു നിവേദനം ഗവൺമെന്റിന് നൽകിയാൽ അത് കൈകാര്യം ചെയ്യുന്നതിന് സെക്രട്ടേറിയറ്റിൽ ഇപ്പോൾ ഒരു കോ-ഓർഡിനേറ്റിംഗ് സെക്ഷൻ നിലവിലുണ്ട്. വിവിധ ആവശ്യങ്ങൾ അടങ്ങിയ നിവേദനം കോ-ഓർഡിനേറ്റിംഗ് സെക്ഷനിൽ ലഭിച്ചാൽ അവർ അത് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളിലേക്ക് അയയ്ക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. അങ്ങനെ ചെയ്യുന്നുണ്ട്. ഇത്തരത്തിൽ മറുപടി ലഭിക്കുന്നതിന് എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ നിശ്ചയമായും അക്കാര്യം വളരെ ഗൗരവമായി കണക്കിലെടുക്കും.

ശ്രീ. പി. കെ. ബഷീർ: സർ, സെക്രട്ടേറിയറ്റിലും മന്ത്രിമാരുടെ ഓഫീസുകളിലുമൊക്കെ എത്തുന്ന ഫയലുകളിന്മേൽ തീരുമാനമെടുക്കാൻ രണ്ടോമൂന്നോ മാസത്തെ കാലതാമസമുണ്ടാകുന്ന ഒരു കാലഘട്ടമാണിത്. ഈ അടുത്ത കാലത്ത് സെക്രട്ടേറിയറ്റിൽ ഒരു ഫയലിന്റെ വിവരം അന്വേഷിച്ചപ്പോൾ 56 ദിവസമായി ആ ഫയൽ പെൻഡിംഗിലാണെന്നാണ് അറിയാൻ കഴിഞ്ഞത്. അതുകൊണ്ട് ഒരു നിശ്ചിത സമയത്തിനുള്ളിൽ ഒരു ഫയൽ തീർപ്പാക്കാൻ സെക്രട്ടറിയുടെയും മന്ത്രിമാരുടെയും ഓഫീസുകൾക്ക് നിർദ്ദേശം നൽകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നിയമപരമായ തടസ്സങ്ങളില്ലെങ്കിൽ, സാങ്കേതികമായ പ്രശ്നങ്ങൾ ഉദിക്കുന്നില്ലെങ്കിൽ ഫയലുകൾ വേഗത്തിൽ മുന്നോട്ടു പോകണമെന്നുതന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിനു വേണ്ടിയുള്ള നിർദ്ദേശങ്ങളാണ് ഗവൺമെന്റ് നൽകിയിട്ടുള്ളത്. ഫയൽ എങ്ങനെയെങ്കിലും തീർക്കണമെന്നൊരു നിർദ്ദേശം ഗവൺമെന്റ് നൽകിയിട്ടില്ല. കാരണം, ഗുണനിലവാരമില്ലാത്ത വിധത്തിൽ, ഏതെങ്കിലും വിധത്തിലൊരു തീരുമാനമെടുക്കുന്നതിനോട് ഗവൺമെന്റിന് യോജിപ്പില്ല. പക്ഷേ, നിയമപരമായ പ്രശ്നങ്ങളോ സാങ്കേതിക ബുദ്ധിമുട്ടുകളോ ഇല്ലെങ്കിൽ ഫയലുകളിന്മേൽ വേഗത്തിൽ തീരുമാനമെടുക്കണമെന്നാണ് ഗവൺമെന്റ് നൽകിയിട്ടുള്ള നിർദ്ദേശം.

ശ്രീ. രാജു എബ്രഹാം: സർ, പൊതുമരാമത്ത് വകുപ്പിന്റെ ഒരു ഫയൽ ആറ് ഉദ്യോഗസ്ഥന്മാരുടെയും ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റേയും പരിശോധന കഴിഞ്ഞ് തീരുമാനമെടുക്കുന്നതിന് 56-90 ദിവസംവരെ എടുക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ടാകാറുണ്ട്. വില്ലേജ് ഓഫീസിൽ പോക്കുവരവിനായി ഒരു അപേക്ഷ കൊടുത്താൽ അവിടെയുള്ള പല ആളുകൾക്കും കൈക്കൂലി കിട്ടുന്നതുവരെ ആ ഫയൽ പിടിച്ചുവയ്ക്കും. സമയബന്ധിതമായി

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഫയലിന്മേൽ തീരുമാനമെടുക്കണമെന്ന് നിർദ്ദേശിക്കാൻ അങ്ങ് മുൻകൈയെടുക്കുമോ ; ഗവൺമെന്റ് അങ്ങനെയൊരു തീരുമാനമെടുത്തുകഴിഞ്ഞാൽ അതിനപ്പുറം പോകുന്ന ആളുകൾക്കെതിരെ നടപടി സ്വീകരിക്കാൻ കഴിയും. അത്തരത്തിൽ വളരെ പോസിറ്റീവായിട്ടുള്ള ഒരു പ്രഖ്യാപനം നടത്താൻ അങ്ങേക്ക് കഴിയുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന സേവനങ്ങളാണെങ്കിലും, ഫയലുകളുടെ മൂവ്മെന്റാണെങ്കിലും അത് സമയബന്ധിതമായി തന്നെ വേണമെന്നാണ് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഗവൺമെന്റിന്റെ സേവനങ്ങളുടെ കാര്യങ്ങൾ സമയബന്ധിതമാക്കുന്നതിനുവേണ്ടിയാണ് സേവനാവകാശ നിയമം കൊണ്ടുവന്നിരിക്കുന്നത്. അതോടൊപ്പംതന്നെ ഓൺലൈൻ സേവനം ലഭ്യമാക്കുന്ന സാഹചര്യം കൊണ്ടുവരികയാണ്. റവന്യൂവിൽ നിന്നുള്ള പോക്കുവരവ് അടക്കമുള്ള സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. അതുപോലെതന്നെ ഫയൽ മൂവ്മെന്റിനെ സംബന്ധിച്ചിടത്തോളം അക്കാര്യങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനുവേണ്ടി IDEAS (Information and Data Exchange Advance System) എന്നൊരു സിസ്റ്റം നിലവിൽ വന്നിരിക്കുകയാണ്. നമ്മൾ കൊടുത്ത നിവേദനത്തിന്മേലുള്ള മൂവ്മെന്റ് എങ്ങനെയാണെന്നുള്ളതിനെ സംബന്ധിച്ച് ചെക്ക് ചെയ്യാം. സ്വന്തം കമ്പ്യൂട്ടറിൽ നിന്നോ അക്ഷയ സെന്ററിൽ നിന്നോ നോക്കിയാൽ ഓരോ പൗരനും കൊടുത്ത നിവേദനം എവിടെയെത്തിയിരിക്കുന്നുവെന്നും എത്ര ദിവസം ഓരോ ഉദ്യോഗസ്ഥന്മാരും കൈവശം വച്ചിരിക്കുന്നുവെന്നും അതിലൂടെ മനസ്സിലാക്കാൻ സാധിക്കും. അതുകൊണ്ട് ഓരോ പൗരന്മാരും കുറച്ചുകൂടി ജാഗ്രതയോടുകൂടി പ്രവർത്തിച്ചാൽ മൂവ്മെന്റ് കൂടുതൽ സുതാര്യമാക്കാൻ സാധിക്കും. ഏതായാലും കാലതാമസം ഒഴിവാക്കണമെന്നുതന്നെയാണ് ഗവൺമെന്റിന്റെയും ആഗ്രഹം.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, അങ്ങയുടെ ഗവൺമെന്റ് രണ്ട് കൊല്ലക്കാലമായി വളരെയേറെ നല്ല കാര്യങ്ങൾ ചെയ്തുകഴിഞ്ഞു. ഇപ്പോൾ അങ്ങ് പ്രഖ്യാപിച്ച സേവനാവകാശ നിയമം ഉൾപ്പെടെയുള്ള കാര്യങ്ങൾ സാധാരണക്കാരായ ജനങ്ങളുടെ മുമ്പിൽ എത്തിയിട്ടുണ്ടോ എന്നുള്ളതാണ് പ്രശ്നം. ഇതുസംബന്ധിച്ച് പത്രത്തിലൂടെ ധാരാളം പരസ്യം നൽകുന്നുണ്ട്, പത്രം വായിക്കുന്ന എത്രപേരാണുള്ളത്. ആ നിലയ്ക്ക് ത്രിതല പഞ്ചായത്ത് സംവിധാനം ഉപയോഗപ്പെടുത്തിക്കൊണ്ട് ഗവൺമെന്റ് എടുക്കുന്ന സേവനാവകാശ നിയമം ഉൾപ്പടെയുള്ള തീരുമാനങ്ങൾ ഗ്രാമസഭകളിൽ ചർച്ച ചെയ്ത് ജനങ്ങളെ ബോദ്ധ്യപ്പെടുത്താനുള്ള നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശം കൊടുത്തുകൊണ്ട് ജനങ്ങളിലേക്ക് ഇത് പൂർണ്ണമായി എത്തിക്കുക എന്ന നയം സ്വീകരിക്കാൻ കഴിയുമോ; ഈ നിയമങ്ങളെപ്പറ്റി 50 ശതമാനം ആളുകൾ പോലും അറിയുന്നില്ല. എം.എൽ.എ. മാർപോലും അറിഞ്ഞുവരുന്നതേയുള്ളൂ. ആ നിലയ്ക്ക് സാധാരണക്കാരായ ജനങ്ങളിലേക്ക് ഇത് എങ്ങനെ എത്തിക്കാൻ കഴിയും; അതുകൊണ്ട് ഗ്രാമസഭകളെ ശക്തിപ്പെടുത്തി അതിലൂടെ

LIBRARY ARCHIVES Kerala Legislative Assembly

ഇക്കാര്യങ്ങൾ ചർച്ച ചെയ്യണമെന്ന് ശക്തമായ നിർദ്ദേശം ഗ്രാമപഞ്ചായത്തുകൾക്ക് നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഗ്രാമസഭകളെക്കുറിച്ച് ബഹുമാനപ്പെട്ട ചീഫ് വിപ്പ് പറഞ്ഞത് വളരെ നല്ലൊരു നിർദ്ദേശമാണ്. കാരണം, ഇവിടത്തെ ഗ്രാമസഭകൾ സജീവമായാൽ സമൂഹത്തിൽ വലിയ മാറ്റമായിരിക്കും ഉണ്ടാകുന്നത്. പക്ഷേ, നിർഭാഗ്യവശാൽ ഇതുവരെയും ഗ്രാമസഭകൾ സജീവമാക്കാൻ സാധിച്ചിട്ടില്ല. പലപ്പോഴും അവിടെയുണ്ടാകുന്ന വിഭാഗീയതയും ചെറിയ തർക്കങ്ങളും കാരണം ഗ്രാമസഭകളുടെ സുഗമമായ പ്രവർത്തനം ഉദ്ദേശിക്കുന്ന രീതിയിൽ മുന്നോട്ടു പോകുന്നില്ല. ഇന്ത്യയിൽത്തന്നെ മുഴുവൻ ഡിസ്ട്രിക്ടുകളും ഇ-ഡിസ്ട്രിക്ടുകളായി പ്രഖ്യാപിച്ചിട്ടുള്ള ഏകസംസ്ഥാനം കേരളമാണ്. ആ രംഗത്ത് കേരളം വളരെ മുന്നിലെത്തി. മാത്രമല്ല, ഇപ്പോൾ റവന്യൂ വകുപ്പിന്റെ സേവനങ്ങൾ ഓൺലൈനായി കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. 23 സേവനങ്ങൾക്കുള്ള സർട്ടിഫിക്കറ്റുകൾ ഓൺലൈനായി കൊടുക്കുന്നുണ്ട്. വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ റവന്യൂ ഡിപ്പാർട്ടുമെന്റിൽ നിന്ന് 20 ലക്ഷത്തിലധികം സർട്ടിഫിക്കറ്റുകൾ ഓൺലൈനിലൂടെ കൊടുത്തുകഴിഞ്ഞു. ഈ സിസ്റ്റം എല്ലാ ഡിപ്പാർട്ടുമെന്റുകളിലേക്കും കൊണ്ടുവരാൻ ശ്രമിക്കുകയാണ്. ഇന്നിപ്പോൾ കെ.എസ്.ആർ.ടി.സി.യിൽ ഇ-പേമെന്റ് സംവിധാനം നിലവിൽ വരികയാണ്. എല്ലാ ഡിപ്പാർട്ടുമെന്റുകളിലും ഈ മാറ്റം വരുത്തിക്കൊണ്ട് ക്വാളിറ്റി സർവ്വീസ് യഥാസമയം ലഭ്യമാക്കുന്ന സാഹചര്യം ഉണ്ടാക്കാനാണ് ശ്രമിക്കുന്നത്. എപ്പോഴും ജനങ്ങൾക്ക് ഗവൺമെന്റിനെ കുറിച്ച്, സിസ്റ്റത്തെ കുറിച്ച് എതിർപ്പ് വരുന്നത് അവർ ആഗ്രഹിക്കുന്ന സേവനങ്ങൾ സമയത്ത് കിട്ടാത്തതുകൊണ്ടാണ്. ഇന്ന് എല്ലാവർക്കും ഏറ്റവും വലിയ പ്രശ്നം സമയമാണ്. ഒരു ദിവസം പോലും കാത്തിരിക്കാൻ ആർക്കും സമയമില്ല, മനസ്സില്ല. അത് മനസ്സിലാക്കി ഗവൺമെന്റും ഉദ്യോഗസ്ഥരും കൂട്ടായിച്ചേർന്നുള്ള പ്രവർത്തനം ആവശ്യമാണ്. അതിന് ഇന്നത്തെ ആധുനിക സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണം.

ശ്രീ. സി. ദിവാകരൻ: സർ, നിലവിലുള്ള പൊതുഭരണ സമ്പ്രദായത്തിൽ സാധാരണ ജനങ്ങൾക്ക് നീതി കിട്ടാൻ വളരെയേറെ കാലതാമസമെടുക്കുന്നുണ്ടെന്ന് ബോദ്ധ്യപ്പെട്ടപ്പോൾ അങ്ങ് നീതി നിർവ്വഹണത്തിനുവേണ്ടി ജില്ലകൾതോറും സഞ്ചരിച്ച് കഠിനമായ ശ്രമം നടത്തി. അതിൽ എത്ര ലക്ഷം പരാതികൾ കിട്ടി; എത്ര ലക്ഷം പരാതികൾക്ക് പരിഹാരം കണ്ടു; എങ്ങനെയാണ് പൊതു ഭരണം മെച്ചപ്പെടുത്തുന്നതിന് അങ്ങയുടെ ഈ യാത്ര സഹായകമായത് എന്നീ കാര്യങ്ങളെപ്പറ്റി വ്യക്തമാക്കാമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, മുഖ്യമന്ത്രിയെന്ന നിലയിൽ ഈ ജനസമ്പർക്ക പരിപാടി വലിയൊരനുഭവമായിരുന്നു. അതിലൂടെ വളരെയേറെ കാര്യങ്ങൾ മനസ്സിലാക്കാൻ സാധിച്ചു. നമ്മൾ എല്ലാകാര്യങ്ങൾക്കും ആരെയെങ്കിലും കുറ്റം പറഞ്ഞതുകൊണ്ട് കാര്യമില്ല. ഉദ്യോഗസ്ഥന്മാരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. നിലവിലുള്ള വ്യവസ്ഥിതിയനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പല കാര്യങ്ങളിലും അവർക്ക് പ്രവർത്തിക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് ഓരോ ജനസമ്പർക്ക പരിപാടിയിൽ നിന്നും കിട്ടിയ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ക്യാബിനറ്റിൽവച്ച് അതിന് മാറ്റങ്ങൾ വരുത്തി നിരവധി ഗവൺമെന്റ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതെല്ലാംകൂടി ഉൾക്കൊള്ളിച്ചുകൊണ്ട് 'ജനപക്ഷം' എന്നൊരു പുസ്തകം ഇറക്കിയിട്ടുണ്ട്. നേരത്തെ ത്തന്നെ എല്ലാ എം.എൽ.എ.മാർക്കും ഈ പുസ്തകം കൊടുക്കണമെന്ന് പറഞ്ഞിരുന്നു. ഏതായാലും അത് കൊടുക്കുന്നതിനുള്ള നിർദ്ദേശംകൂടി ചെയ്യുന്നതാണ്. കാരണം ഇപ്പോൾത്തന്നെ ധാരാളം മാറ്റങ്ങൾ കൊണ്ടുവന്നിരിക്കുന്നു. ആ മാറ്റങ്ങൾക്കനുസരിച്ചുള്ള പ്രയോജനം മാത്രമേ ജനങ്ങൾക്ക് ലഭിക്കുകയുള്ളൂ. അതുകൊണ്ട് എല്ലാവരും അക്കാര്യങ്ങൾ കൂടുതൽ മനസ്സിലാക്കി പ്രവർത്തിക്കേണ്ടിവരും.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഗവൺമെന്റിൽനിന്ന് ജനങ്ങൾക്ക് കിട്ടേണ്ട സേവനങ്ങൾ എത്രയുംപെട്ടെന്ന് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പരിശ്രമം എടുക്കുന്നുണ്ടെന്നുളളത് അഭിനന്ദനാർഹമാണ്. എം.എൽ.എ.-മാർ ഒരു നിവേദനം മന്ത്രിമാർക്ക് നൽകിയാൽ ഗവൺമെന്റ് സെക്രട്ടറിക്ക് അയച്ചു കൊടുത്തിട്ടുണ്ടെന്നുള്ള ഒരു കാർഡ് കിട്ടും, ആ കാർഡ് കിട്ടിയാൽ ഫയൽ അതോടുകൂടി അവസാനിച്ചുവെന്ന് മനസ്സിലാക്കണം. അതിനുശേഷമുള്ള ഒരു നടപടിയെ സംബന്ധിച്ചും ഉദ്യോഗസ്ഥൻമാർ എം.എൽ.എ. മാരെയും മന്ത്രിമാരേയും അറിയിക്കാറില്ല. അതുകൊണ്ട് ഇക്കാര്യത്തിലൊരു മാറ്റമുണ്ടാകണം. കൊടുക്കുന്ന നിവേദനത്തിന് എന്ത് നടപടിയെടുത്തുവെന്നുള്ളത് മന്ത്രിമാരേയും ജനപ്രതിനിധികളേയും അറിയിക്കുന്നതിനുള്ള ഒരു സംവിധാനമുണ്ടാക്കാൻ കഴിയുമോ ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നേരത്തെ ശ്രീ. സി. ദിവാകരൻ ചോദിച്ച ചോദ്യത്തിന്റെ ഒരു ഭാഗത്തിന് മാത്രമേ മറുപടി പറഞ്ഞുള്ളൂ. എത്ര അപേക്ഷകൾ കിട്ടി, എത്രയെണ്ണത്തിന് തീരുമാനമെടുത്തുവെന്ന് ചോദിക്കുകയുണ്ടായി. അഞ്ചുലക്ഷത്തിലധികം അപേക്ഷകളാണ് കിട്ടിയത്. അതിൽ ഏതാണ്ട് ഒരുലക്ഷത്തി ഇരുപത്തിയേഴായിരത്തോളം അപേക്ഷകളൊഴിച്ച് ബാക്കിയുള്ളതിലെല്ലാം തീരുമാനമെടുത്തു. പലതും നിയമപരമായ പ്രശ്നങ്ങളും സാങ്കേതിക പ്രശ്നങ്ങളും വിവിധ ആളുകൾ തമ്മിലുള്ള തർക്കങ്ങളും ഉൾക്കൊള്ളുന്നതാണ്. തീർക്കാവുന്നത്രയും പരാതികൾ തീർക്കാനാണ് നിർദ്ദേശം കൊടുത്തിട്ടുളളത്. പക്ഷേ 127000 അപേക്ഷകളാണ് ഇനിയും തീരാതെ കിടക്കുന്നത്. ബഹുമാനപ്പെട്ട കെ. ശിവദാസൻ നായർ ഇവിടെ പറഞ്ഞ കാര്യം വളരെ ഗൗരവമായിട്ടുതന്നെ ഗവൺമെന്റ് കാണുന്നു. ഞാൻ നേരത്തെ പറഞ്ഞതുപോലെ ആദ്യമൊരു മറുപടി കൊടുക്കണം. രണ്ടാമത് ഫയൽവന്ന് അത് പരിശോധിച്ചതിനുശേഷം ഫൈനൽ റിപ്ലൈയും കൊടുക്കണം. ഇവിടെ ശ്രീ. കെ. ശിവദാസൻ നായർ പറഞ്ഞതും നേരത്തെ എം.എൽ.എ.-മാരുടെ ചോദ്യത്തിന്റെ ഇടയിൽത്തന്നെ വന്ന നിർദ്ദേശങ്ങളുംവച്ച് നോക്കുമ്പോൾ അത് പൂർണ്ണമായും പാലിക്കപ്പെടുന്നില്ലായെന്നുള്ള ഒരു ധാരണയാണുണ്ടായിരിക്കുന്നത്. അതുകൊണ്ട് നിശ്ചയമായും ഇതിന്റെ അടിസ്ഥാനത്തിൽ കർശനമായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശം കൊടുക്കുന്നതാണ്. ആ നിർദ്ദേശത്തിന് വിരുദ്ധമായി നിങ്ങൾക്ക് മറുപടി കിട്ടുന്നില്ലായെങ്കിൽ ആ വിവരം അറിയിക്കണമെന്നുകൂടി പറയുവാൻ ഈ അവസരം വിനിയോഗിക്കുന്നു.

ശ്രീ. എ. എ. അസീസ്: സർ, മന്ത്രിമാർക്ക് ലഭിക്കുന്ന നിവേദനങ്ങൾക്ക് മന്ത്രിമാർ പുറപ്പെടുവിക്കുന്ന ഉത്തരവ് നടപ്പിലാക്കിയോയെന്ന് പരിശോധിക്കുവാനുള്ള ഒരു ഇംപ്ലിമെന്റേഷൻ സംവിധാനം ഇന്ന് സംസ്ഥാനത്തില്ല. മന്ത്രിമാരുടെ ഉത്തരവ് അനുകൂലമായ ഉത്തരവുതന്നെയായിരിക്കും. പക്ഷേ അത് സെക്രട്ടറിമാരുടെയോ അല്ലെങ്കിൽ ക്ലാർക്കുമാരുടെയോ ഫയലുകളിൽ വിശ്രമിക്കുകയാണ് ചെയ്യുന്നത്. ആയതിനാൽ മന്ത്രിമാരുടെ ഉത്തരവുകൾ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനുള്ള ഒരു ഇംപ്ലിമെന്റേഷൻ സംവിധാനത്തെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, മന്ത്രിമാർക്ക് കിട്ടുന്ന പരാതി പരിശോധിച്ച് ഫയലിലിടുന്ന ഉത്തരവ് നടപ്പിലാക്കുന്നതിന് സാധാരണ രീതിയിൽ ബുദ്ധിമുട്ടുണ്ടാകുകയില്ല. കാരണം പരിശോധിച്ച് എല്ലാ വശങ്ങളും നോക്കിയതിനുശേഷം എടുക്കുന്ന തീരുമാനമാണത്. ചിലപ്പോൾ കിട്ടുന്ന പെറ്റീഷനിൽ എന്തെങ്കിലും എഴുതിക്കഴിഞ്ഞാൽ, അത് നിലവിലുള്ള ചട്ടങ്ങൾക്കും നിയമങ്ങൾക്കും എതിരാണെങ്കിൽ, അത് നടപ്പിലാക്കുന്നതിന് സ്വാഭാവികമായും ചില ബുദ്ധിമുട്ടുകൾ വരും. അപ്പോൾ, ഇന്നയിന്ന പ്രശ്നങ്ങളാണ് എന്നുള്ളത് റിപ്പോർട്ട് ചെയ്ത് അത് വീണ്ടും കണ്ടതിനുശേഷം അതിനെ ഓവർ റൂൾ ചെയ്യുന്നുവെങ്കിൽ മാത്രമെ അത് നടപ്പിലാക്കാൻ സാധിക്കുകയുള്ളു. അതുകൊണ്ട് അതിനകത്ത് നിയമപരമായും സാങ്കേതികവുമായ പ്രശ്നമുണ്ട്. ഏതായിരുന്നാലും ഫൈനലായിട്ട് എടുക്കുന്ന തീരുമാനം ഇംപ്ലിമെന്റ് ചെയ്തേ മതിയാകുകയുള്ളൂ, ഇംപ്ലിമെന്റ് ചെയ്തുവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികളുമുണ്ട്.

ശ്രീ. വർക്കല കഹാർ: സർ, സർക്കാർ ഭരണാനുമതി ലഭിച്ച പല പദ്ധതികളും പ്രാവർത്തികമാക്കുന്നതിന് ഭൂമി കൈമാറ്റം ചെയ്യേണ്ടതുണ്ട്. ഒരു വകുപ്പിന്റെ കീഴിലുള്ള ഭൂമി മറ്റൊരു വകുപ്പിലേക്ക് കൈമാറപ്പെടുകയാണെങ്കിൽ ഹജൂർകച്ചേരിയിലെ പ്രക്രിയകൾ കഴിഞ്ഞ് നിർമ്മാണം തുടങ്ങുമ്പോഴേക്കും അതിന്റെ എസ്റ്റിമേറ്റ് തുക അനന്തമായി വർദ്ധിക്കുകയാണ്. ഇതുകാരണം സർക്കാരിന് വലിയ ബാധ്യതയുണ്ടാകുന്നു. ഈ സ്ഥിതി കണക്കിലെടുത്ത് സർക്കാർ വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ നടപടികൾ ലഘൂകരിച്ച് ഭരണാനുമതി ലഭിച്ച പദ്ധതികൾ രണ്ടുമാസത്തിനകമെങ്കിലും ആരംഭിക്കാനുള്ള സംവിധാനമുണ്ടാക്കുവാൻ ശ്രദ്ധിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഗവൺമെന്റിന്റെ വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റമാണെങ്കിൽ നയപരമായ ഒരു തീരുമാനം മാത്രമേ ആവശ്യമുള്ളൂ. ബാക്കിയുള്ളത് എത്രയും വേഗത്തിലാക്കാം. ഭൂമി വിട്ടുകൊടുക്കുവാൻ ആ ഡിപ്പാർട്ട്മെന്റ് സമ്മതിക്കണമെന്നേയുള്ളൂ. പലപ്പോഴും സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് അനന്തമായ താമസങ്ങളുണ്ടാകുന്നുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

നയപരമായ തീരുമാനമെടുത്തശേഷം ഗവൺമെന്റ് ഭൂമി ഏറ്റെടുക്കുന്നതിൽ എവിടെയെങ്കിലും താമസമുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർമാർ ചൂണ്ടിക്കാണിച്ചാൽ അതിന് പരിഹാരം വേഗത്തിലുണ്ടാക്കാം.

ശ്രീ. എ. കെ. ബാലൻ : സർ, നാലുമാസം മുമ്പ് 4-2-2013-ൽ, ഞാൻ ചോദിച്ച നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 56-ന് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ ഉത്തരം വിവരം ശേഖരിച്ചുവരുന്നു എന്നാണ്. ഇന്നേവരെ വിവരം ശേഖരിച്ചുവന്നിട്ടില്ല. 4-2-2013-ലെ പണിമുടക്കുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിലെ എത്ര ജീവനക്കാർ പണിമുടക്കിയിട്ടുണ്ട്, പണിമുടക്കാത്തവർ എത്രയുണ്ട് എന്നുള്ള ചോദ്യത്തിന്റെ വിവരം ശേഖരിക്കാൻ നാലുമാസമായിട്ടും കഴിഞ്ഞിട്ടില്ല. ആദിവാസി മേഖലയുമായി ബന്ധപ്പെട്ട് രണ്ട് കത്തുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയിരുന്നു. കത്ത് കിട്ടിയെന്നുള്ള മറുപടിയുമില്ല. എന്റെ ചോദ്യം, ഒരു ഫയലുമായി ബന്ധപ്പെട്ട് ക്യാബിനറ്റ് ഒരു തീരുമാനമെടുത്താൽ സാധാരണഗതിയിൽ അത് ഓർഡറായി വരാൻ എത്ര ദിവസം എടുക്കും? യു.ഡി.എഫ്.-ലെ അനൈക്യം തീർക്കാൻ പൊതുഭരണത്തെയും പൊതുഖജനാവിനേയും ദുരുപയോഗം ചെയ്യുന്നുണ്ട്. അത് ഇഷ്ടപ്പെട്ട ആൾക്കാർക്കൊക്കെത്തന്നെ.............

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ, അതൊന്നും ചോദ്യമല്ല.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്.

മി. സ്പീക്കർ: അതൊക്കെ പറയാൻ സമയം വരുന്നുണ്ടല്ലോ.

ശ്രീ. എ. കെ. ബാലൻ: സർ, പൊതുഭരണത്തിന്റെ കാര്യക്ഷമത സംരക്ഷിക്കപ്പെടണമെങ്കിൽ സമാനസ്വഭാവമുള്ള വിഷയം ഒരു മന്ത്രിതന്നെ കൈകാര്യം ചെയ്യേണ്ടതുണ്ട്. ഇത് മൂന്ന് മന്ത്രിമാർ കൈകാര്യം ചെയ്യുകയാണ്. ഒരു പ്രിൻസിപ്പൽ സെക്രട്ടറി കണ്ട ഫയൽ പിന്നെ അടുത്ത വകുപ്പിലെ എൽ.ഡി. ക്ലർക്കാണ് കാണുന്നത്. അത് വീണ്ടും മുകളിലേക്കുവന്ന് പ്രിൻസിപ്പൽ സെക്രട്ടറി കണ്ടശേഷം പിന്നെയും താഴേത്തട്ടിൽ കാണുകയാണ്. ഇത് വല്ലാത്തൊരു യന്ത്രമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ സ്പീഡിൽ പോകുന്നതുപോലെ ഫയലുകളിന്മേലുള്ള തീരുമാനവും വേഗതയിലാക്കാൻ ശാശ്വതമായ ഒരു പരിഹാരം കാണാൻ ശക്തമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട മെമ്പർ, ഏത് ഡിപ്പാർട്ടുമെന്റെന്ന് പറഞ്ഞിരുന്നുവെങ്കിൽ എനിക്ക് കുറച്ചുകൂടി പറയുവാൻ സാധിക്കുമായിരുന്നു. അങ്ങ് ഉദ്ദേശിച്ചത്, പഞ്ചായത്തും മുനിസിപ്പാലിറ്റിയുമാണെന്ന് തോന്നുന്നു. അതിന് ഒറ്റ പ്രിൻസിപ്പൽ സെക്രട്ടറിയേയുള്ളൂ. ആ മൂന്ന് വകുപ്പിന്റെയും കോ-ഓർഡിനേഷൻ അതുവഴിതന്നെ നടക്കും. അത് സംബന്ധിച്ച് ഒരു പ്രശ്നവുമില്ല. ആദ്യംതന്നെ ഡോ. ടി. എം. തോമസ് ഐസക് ഈ പ്രശ്നം ഉന്നയിച്ചിരുന്നു. അദ്ദേഹം പറഞ്ഞത് നന്നായിയെന്നുള്ള അഭിപ്രായമാണ്. അതുകൊണ്ട് ഞങ്ങൾ കൂടുതൽ ജാഗ്രത അക്കാര്യത്തിൽ പുലർത്തി.

LIBRARY ARCHIVES Kerala Legislative Assembly

അതനുസരിച്ച് ഒരു പ്രശ്നവുമുണ്ടാകാതിരിക്കാനുള്ള സംവിധാനങ്ങൾ മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലുമുണ്ടാക്കി. പിന്നീട് അത് സംബന്ധിച്ച് ഒരു പ്രശ്നവുമുണ്ടായിട്ടില്ല.

ശ്രീ. എ. കെ. ബാലൻ: സർ, ക്യാബിനറ്റ് എടുക്കുന്ന തീരുമാനം ഉത്തരവാകാൻ എത്ര സമയമെടുക്കും?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ക്യാബിനറ്റ് എടുക്കുന്ന ഒരു തീരുമാനം രണ്ടുദിവസത്തിനകം ജി.ഒ. ആക്കണമെന്നാണ്. പക്ഷേ ക്യാബിനറ്റിൽ റെഗുലർ അജണ്ടയായി ഫിനാൻസ് കണ്ട്വരുന്ന കാര്യങ്ങൾക്കാണ് ഇത് ബാധകമായിട്ടുളളത്. പക്ഷേ ഇത് ഫിനാൻസിൽ കാണാതെ നേരിട്ട് ക്യാബിനറ്റിൽ ഔട്ട്സൈഡ് അജണ്ടയായി വരികയോ ഫിനാൻസിന്റെ അഭിപ്രായം ഓവർ റൂൾ ചെയ്തുകൊണ്ടുള്ള തീരുമാനമാകുകയോ ചെയ്താൽ ഫിനാൻസിനെക്കൂടി കാണിച്ചിട്ടാണ് ജി.ഒ. ഇറക്കുന്നത്. സ്വാഭാവികമായും അതിന്റേതായ താമസംവരും. റെഗുലറായിട്ടുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചിട്ടുള്ള തീരുമാനമാണെങ്കിൽ ഇമ്മീഡിയറ്റായി ജി.ഒ. ഇറങ്ങും. പക്ഷേ പലപ്പോഴും ഫിനാൻസിന്റെ അഭിപ്രായത്തെ ക്യാബിനറ്റ് ഓവർ റൂൾ ചെയ്യും. അത് ക്യാബിനറ്റിന് ഓവർ റൂൾ ചെയ്യാം. പക്ഷേ ഓവർ റൂൾ ചെയ്യുമ്പോഴും ഓവർ റൂൾ ചെയ്തത് ഏത് സാഹചര്യത്തിലെന്നുള്ളത് ഫിനാൻസുകൂടി അറിയണം. എന്നാൽ അത് ഫിനാൻസിലേക്ക് പോകും. ഫിനാൻസിൽ കാണാതെ ഔട്ട്സൈഡ് അജണ്ടയായി വന്നാലും അങ്ങോട്ട് പോകേണ്ടിവരും.

ശ്രീ. ബെന്നി ബെഹനാൻ: സർ, പൊതുഭരണ നിലവാരം ഉയർത്തി കാര്യക്ഷമമാക്കുന്നതിനും സുതാര്യമാക്കുന്നതിനും ഈ ഗവൺമെന്റ് വന്നതിനുശേഷം സ്വീകരിച്ച ഒട്ടേറെ നടപടികൾ സ്വാഗതാർഹമാണ്. പക്ഷേ പല കാര്യങ്ങളിലും കാലതാമസമുണ്ടാകുന്നു, അത് ആവർത്തിക്കപ്പെടുന്നു. എം.എൽ.എ.മാർ അയയ്ക്കുന്ന കത്തിന് സമയത്ത് മറുപടി കിട്ടാറില്ല. പാർലമെന്റിൽ ഒരു സിസ്റ്റമുണ്ട്. എം.പി. ഒരു കത്തയച്ചാൽ ആദ്യം കത്ത് കിട്ടി എന്ന് അറിയിപ്പ് കിട്ടും, അതിനുശേഷം ഒരു നിശ്ചിത സമയത്തിനുള്ളിൽ, ആക്ഷൻ ടേക്കൺ എന്താണെന്ന മറുപടി ബന്ധപ്പെട്ട എം.പി.ക്ക് ലഭിക്കും. ഇവിടെ എം.എൽ.എ.മാർ അയയ്ക്കുന്ന കത്തിന് നേരത്തെ സൂചിപ്പിച്ചതുപോലെ വി.ഐ.പി. എന്ന് എഴുതിയ ഒരു മറുപടി ലഭിക്കുന്നതല്ലാതെ ആ വിഷയത്തിൽ സ്വീകരിച്ച നടപടി എന്താണെന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല. അതുകൊണ്ട് എം.എൽ.എ.മാർ അയയ്ക്കുന്ന കത്തിന് ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ സെക്രട്ടറിയുടെ ഭാഗത്തുനിന്നും മറുപടി ലഭ്യമാക്കുന്നതിന് ജനകീയതയ്ക്ക് അന്തർദേശീയ അവാർഡ് ലഭിച്ച അങ്ങയുടെ കാലഘട്ടത്തിലെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നിലവിലുള്ള സിസ്റ്റത്തെ സംബന്ധിച്ച് ഞാൻ പറഞ്ഞു. പക്ഷേ ആ സിസ്റ്റം ഇന്ന് വർക്ക് ചെയ്യുന്നില്ല എന്നാണ് ഈ ചോദ്യങ്ങളിൽ നിന്ന് മനസ്സിലാക്കുന്നത്. കത്ത് കിട്ടിയാൽ ആ സമയത്തുതന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു മറുപടി, അതു കഴിഞ്ഞ് ഫൈനൽ റിപ്ലൈ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അല്ലെങ്കിൽ ഉദ്യോഗസ്ഥൻ കൊടുക്കുന്ന ഫയലിന്റെ അടിസ്ഥാനത്തിൽ മന്ത്രി നൽകേണ്ടതാണ്. ഇവിടെ ഞാൻ ഉറപ്പുപറഞ്ഞുകഴിഞ്ഞു. ഇന്നത്തെ ഈ ചോദ്യത്തിന്റെ അടിസ്ഥാനത്തിൽ കർശനമായിട്ടുള്ള നിർദ്ദേശം എല്ലാ വകുപ്പുകൾക്കും കൊടുക്കുന്നതാണ്. എന്നിട്ടും ആർക്കെങ്കിലും അതിൽനിന്നും വ്യത്യസ്തമായ അനുഭവമുണ്ടാകുകയാണെങ്കിൽ അത് ചൂണ്ടിക്കാണിച്ചാൽ അതിന്മേൽ നടപടിയുണ്ടാകും.

ശ്രീ. സി. എഫ്. തോമസ്: സർ, സേവനാവകാശ നിയമം ഏതെല്ലാം വകുപ്പുകളിൽ നടപ്പിലാക്കി; നടപ്പിലാക്കിയ വകുപ്പുകളിലെ കാര്യങ്ങൾ എങ്ങനെ നീങ്ങുന്നു എന്നുള്ള ഒരു വിലയിരുത്തൽ നടത്തിയിട്ടുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, സേവനാവകാശ നിയമം 1-11-2012 മുതലാണ് നടപ്പിലാക്കിയത്. ഇതിനോടകം 56 ഡിപ്പാർട്ടുമെന്റുകളിലും സ്ഥാപനങ്ങളിലും അത് നടപ്പിലാക്കി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചു കഴിഞ്ഞു. ഡിപ്പാർട്ടുമെന്റുകളുടെ കീഴിൽ പല സ്ഥാപനങ്ങളുമുണ്ട്. ഇത് എത്രമാത്രം എഫക്ടീവാണ് എന്ന ചോദ്യത്തിന് ഇനിയും നമുക്ക് വളരെ കൂടുതൽ എഫക്ടീവാക്കേണ്ടതുണ്ട് എന്നാണ് പറയാനുള്ളത്. ആളുകൾ ഇതിന്റെ മുഴുവൻ കാര്യങ്ങളും മനസ്സിലാക്കി അതനുസരിച്ചുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയിട്ടില്ല എന്നതാണ് അതിൽ നിന്നും മനസ്സിലാക്കേണ്ടത്. അതുകൊണ്ട് കുറേക്കൂടി പ്രചാരണം കൊടുത്തുകൊണ്ട് ഇതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കേണ്ടതായിട്ടുണ്ട് എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഭരണരംഗത്ത് ഒരുപാട് മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ടി ശ്രമിക്കുന്നുണ്ട്. കമ്പ്യൂട്ടറൈസേഷനായാലും മറ്റു കാര്യങ്ങളായാലും അത് സംബന്ധിച്ച് അങ്ങയുടെ പ്രസ്താവനകൾ വരുന്നുണ്ട്. കുന്നംകുളത്ത് ഒരു പൈപ്പ്ലൈൻ മാറ്റുന്നതിനുവേണ്ടി കഴിഞ്ഞ മൂന്നുവർഷമായി നടക്കുകയാണ്. ഒരു സ്ഥലത്തുനിന്നും ഫയൽ മറ്റൊരിടത്തേക്ക് പോകുന്നതല്ലാതെ ഒന്നും നടക്കുന്നില്ല. കുന്ദംകുളത്തുനിന്നും ഗുരുവായൂരിലേക്ക് പോകുന്ന റൂട്ടിൽ ചാട്ടുകുളം വരെ പൈപ്പ്ലൈനിടുന്നതിന് എടുത്ത കുഴിയിൽ വീണ് എട്ടുപേർ മരിച്ചു, പത്തോ പതിനാറോ ആളുകൾക്ക് വീണ് പരിക്കുപറ്റി എന്നല്ലാതെ രണ്ടര-മൂന്നു കൊല്ലമായിട്ടും ഇതിന്റെ ഫയൽ നീങ്ങുന്നില്ല. അവസാനം ജലവിഭവ വകുപ്പുമന്ത്രിതന്നെ ഡ്രോട്ടിൽ ഉൾപ്പെടുത്തി പൈപ്പ്ലൈൻ മാറ്റുന്നതിന് തുക അനുവദിക്കണമെന്ന് ഉത്തരവിട്ടു. പതിനാറുകൊല്ലം മുമ്പ് മാറ്റേണ്ട പൈപ്പ് ലൈനാണ്. ഇതു സംബന്ധിച്ച് ഏഴ് അപേക്ഷകൾ കൊടുത്തു. ഒരു മേശപ്പുറത്തുനിന്നും മറ്റൊരു മേശപ്പുറത്തുപോകുന്നതല്ലാതെ ഫയലിന്മേൽ തീരുമാനം ഒന്നും നടക്കുന്നില്ല. അങ്ങ് എന്തുപറഞ്ഞാലും ശരി അപേക്ഷകൾ പരിഗണിക്കപ്പെടുന്ന സ്ഥിതി വരുന്നില്ല. ഇതിനൊരു പരിഹാരം ഉണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ഗൗരവമായി കാണുന്നു. ആ കാര്യത്തെ സംബന്ധിച്ച് ഇന്നുതന്നെ അന്വേഷിക്കുന്നതാണ്. എത്രയുംവേഗം അതിന് മാറ്റമുണ്ടാക്കാൻ ശ്രമിക്കും. ചെലവ് ആര് വഹിക്കണം, തുക ആര് കെട്ടിവയ്ക്കണം എന്നുള്ള കാര്യങ്ങളെ സംബന്ധിച്ച് ഡിപ്പാർട്ട്മെന്റുകൾ തമ്മിൽ ചില തർക്കങ്ങൾ വരുമ്പോൾ കാലതാമസം പലയിടത്തും ഉണ്ടായിട്ടുണ്ട്. അത് എനിക്ക് നേരിട്ടറിയാവുന്ന കാര്യമാണ്. അതുപോലുള്ള ഏതെങ്കിലും തർക്കമായിരിക്കുമെന്നാണ് കരുതുന്നത്. അപകടങ്ങളുണ്ടാകുന്നു, പ്രശ്നങ്ങളുണ്ടാകുന്നു എന്നതിനാൽ നിശ്ചയമായും അതിന് പരിഹാരമുണ്ടാകേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഇന്നുതന്നെ ഞാൻ നിർദ്ദേശം കൊടുക്കുന്നതാണ്.

### സമഗ്ര മദ്യനയം

2 (*2) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:
ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര മദ്യനയം രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) നയത്തിന്റെ വിശദാംശങ്ങൾ എന്തെല്ലാം ;

(സി) മദ്യ ഉപഭോഗം കുറയ്ക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ,

(എ) ഉണ്ട്. സമഗ്ര മദ്യനയം രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി റിട്ട. ഹൈക്കോടതി ജഡ്ജി ശ്രീ. എം. രാമചന്ദ്രനെ ഏകാംഗ കമ്മീഷനായി നിയമിച്ച് 23-1-2013-ലെ ജി.ഒ. (എംഎസ്.) നമ്പർ 12/2013/നി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി-ഡി) 2011-12 വർഷത്തെ മദ്യനയത്തിലെ വ്യവസ്ഥകളനുസരിച്ച് വിദേശമദ്യ നിയമത്തിൽ വരുത്തിയ ചില ഭേദഗതികൾ ബഹു. കേരള ഹൈക്കോടതിയുടെ 27-7-2012-ലെ W.A 470/2012 കേസിലെ വിധിയനുസരിച്ച് റദ്ദാക്കിയതിനെത്തുടർന്ന് സർക്കാരിന്റെ 2011-12, 2012-13 എന്നീ വർഷങ്ങളിലെ മദ്യനയത്തിലെ ചില സുപ്രധാനമായ തീരുമാനങ്ങൾ നടപ്പിലാക്കാൻ കഴിയാത്തതിനാൽ 2013-14 വർഷത്തെ മദ്യനയം പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിർദ്ദേശിക്കുന്നതിന് റിട്ട. ഹൈക്കോടതി ജഡ്ജി ശ്രീ. എം. രാമചന്ദ്രനെ ഏകാംഗ കമ്മീഷനായി നിയമിച്ച് 23-1-2013-ലെ ജി.ഒ. (എംഎസ്.) നമ്പർ 12/2013/നി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly